**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 426** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലോക്ക് ഡൗൺ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അശാസ്ത്രീയമായ ലോക്ക് ഡൗൺ കാരണം ജീവനോപാധി നഷ്ടപ്പെട്ട് ജനങ്ങൾ കഷ്ടത്തിലാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുമോ; | (എ) | ചില ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. സർക്കാർ ശാസ്ത്രീയമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിയന്ത്രണങ്ങളും ഇളവുകളും പ്രഖ്യാപിക്കുന്നതും നടപ്പാക്കുന്നതും . വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശ യിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റു കൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപ പരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖല യിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളി കൾക്ക് സർക്കാർ സഹായത്തോടെ 1000 മുതൽ 3000 രൂപ വരെയും തനതു ഫണ്ടിലൂടെ 1000 മുതൽ 5000 രൂപ വരെയും കോവിഡിന്റെ ഒന്നാം ഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30ന് പ്രഖ്യാപിച്ച |

| | | | |
|---|---|---|---|
| | | | അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് തവണകൾ അടക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നും, രണ്ടും തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നത്. വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കും നേരത്തെ മാതാപിതാക്കളിലൊരാൾ മരണ പ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും പ്രതിമാസം 2000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും ബിരുദതലം വരെയുള്ള പഠന ചെലവുകൾ സർക്കാർ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ലോക്ക്ഡൗൺ കാരണം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കുന്നതിനായി പൊതു മേഖലയിലും, സ്വകാര്യ മേഖലയിലും, നിർമ്മാണ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിലെയും സ്ഥാപനങ്ങളുടെ ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും ലേബർ കമ്മീഷണർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ലോക്ക് ഡൗൺ വരുത്തിവച്ച സാമ്പത്തിക ബാധ്യത താങ്ങാൻ സാധിക്കാതെ പത്തോളം പേർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ലോക്ക് ഡൗണിൽ കൂടുതൽ ഇളവുകൾ നല്കാൻ തയ്യാറാകുമോ; | (ബി) | ലോക്ഡൗണിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും സംരക്ഷിക്കാൻ സമാശ്വാസ പാക്കേജുകളും അതിജീവനകിറ്റുകളും അധിക ധാന്യ വിഹിതവും മറ്റ ഇളവുകളും സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നു. ഓരോ ഘട്ടത്തിലെയും കോവിഡ് വ്യാപന തോത്, ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന തിലെ പര്യാപ്തത, വാക്സിനേഷൻ സ്വീകരിച്ചവരുടെ എണ്ണം എന്നിവ |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് പൊതുജനങ്ങളുടെ ജീവനോപാധി കൂടി സംരക്ഷിക്കുന്നത് കണക്കിലെടുത്ത് കാലാകാലങ്ങളിൽ സാമൂഹിക അകലം ഉറപ്പാക്കാനുള്ള വിവിധ തരത്തിലുള്ള നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തി വരുന്നു. |
| (സി) | കൊവിഡ് മൂലം കഷ്ടത്തിലായ ജനങ്ങൾക്ക് ആശ്വാസമായി നിശ്ചിത തുക ബാങ്ക് അക്കൗണ്ടിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫറായി നല്കാൻ തയ്യാറാകുമോ? | (സി) | കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ട ധനസഹായം നൽകുന്നതിനായി 357,38,97,840/- രൂപ അനുവദിച്ചു. ആയതിൽ 18,49,785 തൊഴിലാളികൾക്കായി 187,22,54,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട കോവിഡ് ധനസഹായ വിതരണത്തിനായി 210,32,98,000/- രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ വിതരണം നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ